**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – ഇ.എം.എസ്. സമ്പൂർണ ഭവന പദ്ധതി – വീടിന്റെ തറ വിസ്തൃതിയുടെ അനുവദനീയമായ കൂടിയ പരിധി 60 ചതുരശ്ര മീറ്ററായി പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ)നം. 419/2011/തസ്വഭവ തിരുവനന്തപുരം, തീയതി: 09-02-2011

പരാമർശം: സ.ഉ.(എം.എസ്)നം.207/2009/തസ്വഭവ; തീയതി 07.11.2009

## ഉത്തരവ്

നഗരപ്രദേശങ്ങളിലെ ഐ.എച്ച്.എസ്.ഡി.പി, ബി.എസ്.യു.പി. പദ്ധതികൾ ഒഴികെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന മറ്റെല്ലാ ഭവന പദ്ധതികളിലെയും വീടുകളുടെ തറ വിസ്തീർണ്ണം 40 ചതുരശ്ര മീറ്ററിൽ കൂടരുതെന്ന് മുകളിൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് മുഖേന പുറപ്പെടുവിച്ച മാർഗരേഖയുടെ ഖണ്ഡിക 11.1-ൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ നിബന്ധന ശ്രദ്ധയിൽപ്പെടാതെ ചില ഗുണഭോക്താക്കൾ 40 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിച്ചതായും വീട് പൂർത്തിയാക്കിയിട്ടും നമ്പർ നൽകാൻ കഴിയാത്തതും ധനസഹായം പൂർണ്ണമായി നൽകാൻ കഴിയാത്തതുമായ സാഹചര്യം നിലനിൽക്കുന്നതായും ഇതിനൊരു പരിഹാരം കാണണമെന്നും നിരവധി തദ്ദേശഭരണ സ്ഥാപനങ്ങളും ഗുണഭോക്താക്കളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ഇ.എം.എസ്. ഭവന പദ്ധതി, ഐ.എ.വൈ ഭവന പദ്ധതി, എം.എൻ ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി മുതലായ ഭവന പദ്ധതികൾ പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ തറ വിസ്തീർണ്ണത്തിന്റെ അനുവദനീയമായ കൂടിയ പരിധി ഐ.എച്ച്.എസ്.ഡി.പി/ബി.എസ്.യു.പി. പദ്ധതിയിലേതുപോലെ, 60 ചതുരശ്ര മീറ്ററായി നിശ്ചയിച്ച് സർക്കാർ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ബി. സരസ്വതി അമ്മ**
അഡീഷണൽ സെക്രട്ടറി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, സഹകരണ വകുപ്പ്
8 രജിസ്ട്രാർ, സഹകരണസംഘം
9 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
12 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13 മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
14 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര

15 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
16 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
19 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
20 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
21 എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ)
22 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
23 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
24 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
25 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
26 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
27 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
28 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
31 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
32 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
33 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. സഹകരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്